**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസിന് വിധേയരാകുന്ന നിർധനരായ രോഗികൾക്ക് എന്ത് സഹായമാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഡയാലിസിസിന് വിധേയരാകുന്ന നിർധനരായ രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവ മുഖേനയുള്ള സൗജന്യ ചികിത്സ തെരഞ്ഞെടുത്ത ആശുപത്രികൾ വഴി നൽകി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യവും കെ.ബി.എഫ് വഴി 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യവും (വൃക്ക രോഗികൾക്ക് 3 ലക്ഷം വരെ) നൽകി വരുന്നു. കിഡ്നി ട്രാൻസ്പ്ലാന്റ് തീയതി മുതൽ ഒരു വർഷം വരെ ഫോളോ അപ്പ് മരുന്നുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർധനരായ എത്ര ഡയാലിസിസ് രോഗികൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികളിലൂടെ 13032നിർധനരായ രോഗികൾക്ക് ഡയാലിസിസ് ചികിത്സ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ